(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികളിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ പുതുതായി നടപ്പാക്കുവാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ പ്രവൃത്തികൾക്ക് മുൻഗണന ലഭിക്കുന്നതിനും അംഗീകാരം/ഭരണാനുമതി ലഭിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നബാർഡ് പ്രവൃത്തികൾ സംസ്ഥാനാടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്.

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

55 (1490) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുമ്പ് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ അതിനു പകരമായി കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണുള്ളതെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ;

(സി) ഭരണപരമായ സൗകര്യം മുൻ നിർത്തി മേൽപ്പറഞ്ഞ നടപടി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി

56 (1491) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻപ്രകാരം എത്രപേർ പണിയെടുക്കുന്നു ;

(ബി) 2013-14 സാമ്പത്തികവർഷം എത്രപേർക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു ;

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്രസഹായം എത്ര ; നാളിതുവരെ എന്ത് തുക സംസ്ഥാന വിഹിതമായി നൽകി ; വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കൂടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര ; ഏത് മാസം മുതലുള്ള കൂടിശ്ശികയാണ് നൽകാനുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന ജില്ലതിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly